**ANNUAL EVALUATION 2023-24**

**SOCIAL SCIENCE - STD VIII**

***Colin Jose E (HST-SS)***
***Dr.AMMR Govt HSS for Girls, Kattela***
***Thiruvananthapuram***

***Biju.M (HST-SS)***
***GHSS Parappa***
***Kasargod***

| Qn. No | VALUE POINTS | SCORE |
|---|---|---|
| **Answer all questions from 1 to 4. Each carries 1 score** | | |
| **1** | b) ആഡംസ്മിത്ത് | **1** |
| **2** | a) ബിംബിസാരൻ | **1** |
| **3** | c) ഭാഗ | **1** |
| **4** | d) ഫെബ്രുവരി 2 | **1** |
| **Answer all questions from5 to 7. Each carries 2 score** | | |
| **5** | **ഗുഹാ ചിത്രങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ:**<br>• മൃഗങ്ങളെ വേട്ടയാടിയിരുന്നു.<br>• സംഘമായി വിനോദത്തിലേർപ്പെട്ടിരുന്നു.<br>• അവർ കലാവൈദഗ്ധ്യമുള്ളവരായിരുന്നു. | **2** |
| **6** | **മൂവേന്തന്മാരുടെ തലസ്ഥാനം:**<br>• ചേരന്മാർ - മുചിരി<br>• പാണ്ഡ്യന്മാർ - മധുരൈ<br>• ചോളന്മാർ - ഉറൈയൂർ | **2** |
| **7** | **ചെറിയതോത് ഭൂപടങ്ങൾ:**<br>• വലിയ ഭൂപ്രദേശങ്ങളിലെ പ്രധാന വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി തയാറാക്കുന്ന ഭൂപടങ്ങളാണ് ചെറിയതോത് ഭൂപടങ്ങൾ<br>• ഉദാ:അറ്റ്ലസ് ഭൂപടം, ചുമർ ഭൂപടം | **2** |
| **Answer any 4 from questions 8 to 12. Each carries 3 score** | | |
| **8** | i. ആഗ്നേയശിലകൾ<br>ii. മണൽക്കല്ല് , ചുണ്ണാമ്പുകല്ല്<br>iii. കായാന്തരിതശിലകൾ | **3** |
| **9** | **സാമൂഹ്യനിയന്ത്രണം:**<br>• സ്വസ്ഥപൂർണ്ണമായ ചുറ്റുപാട് ഉറപ്പുവരുത്താനും നിലനിർത്താനുമായി ഓരോ സാമൂഹ്യസംഘവും അംഗങ്ങളുടെമേൽ ഏർപ്പെടുത്തുന്ന സമ്മർദ്ദങ്ങളെയും ഇടപെടലുകളെയുമാണ് സാമൂഹ്യ നിയന്ത്രണം എന്ന് പറയുന്നത്<br>**സാമൂഹ്യ നിയന്ത്രണത്തിന്റെ സവിശേഷതകൾ:**<br>• ഓരോ സമൂഹത്തിലും പൊതുവേ അംഗീകരിക്കപ്പെട്ട ചില പെരുമാറ്റ രീതികളുണ്ട്<br>• പെരുമാറ്റ നിയന്ത്രണത്തിനും സാമൂഹികരണത്തിനും ഉചിതമായ സാമൂഹ്യ | |

| | | |
|---|---|---|
| | സ്ഥാപനങ്ങൾക്ക് സമൂഹം രൂപംനൽകുന്നു<br>• പോലീസ് കോടതി ജയിൽ പട്ടാളം തുടങ്ങിയ സംവിധാനങ്ങൾ സാമൂഹ്യനിയന്ത്രണം ഔപചാരികമായി നിർവഹിക്കുന്നു<br>• സാമൂഹ്യ നിയന്ത്രണത്തിന് വിധേയരാകാത്തവർക്ക് മുന്നറിയിപ്പ് കൊടുക്കുകയോ അത്തരം പെരുമാറ്റങ്ങൾ ഇല്ലാതാക്കുകയോ ശിക്ഷിക്കുകയോ ചെയ്യാനുള്ള സ്ഥാപനങ്ങളും സംവിധാനങ്ങളും സമൂഹത്തിൽ ഉണ്ടായിരിക്കും | **3** |
| **10** | **ആഗോളതാപനത്തിന്റെ ദോഷങ്ങൾ:**<br>• ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതിലൂടെ സമുദ്രജലനിരപ്പുയരും<br>• സമുദ്രതീര ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന നാശം<br>• ഭക്ഷ്യദൗർലഭ്യം,വൻതോതിലുള്ള കുടിയേറ്റം തുടങ്ങിയ പ്രശ്നങ്ങൾക്ക് കാരണമാകും<br>• ആവാസവ്യവസ്ഥയിലെ  പല സസ്യജന്തുജാലങ്ങളുടെയും നാശത്തിന് വഴിതെളിക്കും | **3** |
| **11** | **പ്രളയം ദുരന്തമായി മാറിയതിന് കാരണമായ ഭൂമിശാസ്ത്ര സവിശേഷതകൾ:**<br>• കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞ കേരളത്തിന്റെ ഭൂഘടന<br>• കുന്നുകളും ചെങ്കുത്തായ മലനിരകളും<br>• വൻതോതിൽ നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി മണ്ണിട്ടു നികത്തിയത്<br>• വ്യാപകമായ കുന്നിടിക്കൽ പാറ പൊട്ടിക്കൽ നദികളിലെ മണലൂറ്റ്<br>• അശാസ്ത്രീയമായ ഭൂവിനിയോഗം<br>• പരിസ്ഥിതിലോല പ്രദേശങ്ങളിലെ ഇടപെടലുകളും നിർമ്മാണ പ്രവർത്തനങ്ങളും | **3** |
| **12** | **സാമൂഹ്യ സംഘമായ കുടുംബത്തിന്റെ സവിശേഷതകൾ:**<br>• ചെറിയ സംഘം<br>• പരിചിതർ<br>• ഉയർന്ന സംഘബോധം<br>• പൊതുവായ ചില പ്രവർത്തനരീതി<br>• അംഗങ്ങളുടെആവശ്യങ്ങൾ നിറവേറ്റുന്നു<br>• വ്യക്തിത്വത്തെ സ്വാധീനിക്കുന്നു | **3** |
| **Answer any 2 from questions 13 to 15. Each carries 4 score** | | |
| **13** | **ഉപരിതല നീരൊഴുക്കിന്റെ സംഭരണം:**<br>• തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക.<br>• വനങ്ങൾ നിലനിർത്തുക.<br>• മരങ്ങൾ നട്ടു വളർത്തുക.<br>• ബഹുനിലകൃഷി.<br>• തട്ടുകൃഷി.<br>• പുതയിടൽ.<br>• തടയണകൾ നിർമിക്കുക.<br>• കയ്യാലകൾ നിർമിക്കുക. | **4** |

| | | |
|---|---|---|
| | • മഴക്കുഴികൾ നിർമിക്കുക. | |
| 14 | **ഹരിതവിപ്ലവം:**<br>• രണ്ടാം പഞ്ചവത്സര പദ്ധതിക്ക് ശേഷവും ഇന്ത്യയുടെ ഭക്ഷ്യ ദൗർലഭ്യം പരിഹരിക്കാൻ കഴിയാത്തതിനാൽ കാർഷികമേഖലയുടെ പുരോഗതിയും ഭക്ഷ്യ സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ട് ഇന്ത്യ ഒരു മാറ്റത്തിന് തുടക്കം കുറിച്ചു.<br>• 1960 മുതൽ 1970 വരെയുള്ള ഒന്നാം ഘട്ടത്തിലും 1970 മുതൽ 1980 വരെയുള്ള രണ്ടാംഘട്ടത്തിലുമായി നടന്ന കാർഷിക രംഗത്ത് ഈ മാറ്റം ഹരിതവിപ്ലവം എന്നാണ് അറിയപ്പെടുന്നത്.<br>• അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ, ജലസേചനസൗകര്യങ്ങൾ, രാസവളം, കീടനാശിനികൾ, കുറഞ്ഞ പലിശയിൽ സാമ്പത്തികസഹായം എന്നിവ ഉപയോഗപ്പെടുത്തി കാർഷിക ഉൽപാദനത്തിൽ വരുത്തിയ ഗണ്യമായ പുരോഗതിയാണ് ഹരിതവിപ്ലവം.<br>**നേട്ടങ്ങൾ:**<br>• ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ച് നെല്ല് ഗോതമ്പ് എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞു.<br>• ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ വിദേശ ആശ്രയത്വം ഇല്ലാതാക്കാൻ കഴിഞ്ഞു. | **4** |
| 15 | (see table below) | **4** |

| A | B |
|---|---|
| ഉപരിതലജലം സംഭരിക്കപ്പെടുന്ന സ്വാഭാവിക ഇടങ്ങൾ | തണ്ണീർത്തടങ്ങൾ |
| ഭൂമിക്കടിയിലെ ജലസമൃദ്ധമായ ഭാഗത്തിന്റെ മുകൾ പരപ്പ് | ജലപീഠം |
| ഭൂമിക്കടിയിൽ സംഭരിക്കപ്പെട്ടിരിക്കുന്ന ജലം | ഭൂഗർഭജലം |
| മണൽ നിറഞ്ഞ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന ആഴം കുറഞ്ഞ കുഴൽ കിണറുകൾ | അരിപ്പക്കിണറുകൾ |

**Answer any 2 from questions 16 to 18. Each carries 5 score**

| | | |
|---|---|---|
| 16 | **പ്രളയമുണ്ടാക്കിയ ആഘാതങ്ങൾ:**<br>**(a)<u>ജലസംഭരണികളുടെ ക്രമീകരണം</u>**<br>• 2018 ആഗസ്റ്റ്  മുതൽ ആഗസ്റ്റ് 19 വരെ പെയ്ത മഴയെത്തുടർന്ന് ജലസംഭരണികളിലേക്ക് ഉണ്ടായ നീരൊഴുക്ക് സംഭരണികൾക്ക് താങ്ങാനാവുന്നതിലുമപ്പുറമായിരുന്നു.<br>• ഈ ജലത്തെ ക്രമീകരിക്കാനായി 37 അണക്കെട്ടുകളും തുറക്കേണ്ടിവന്നു.<br>• ഇടുക്കി അണക്കെട്ടിന്റെ അഞ്ച് ഷട്ടറുകളും 26 വർഷത്തിനുശേഷം തുറക്കേണ്ടി വന്നു.<br>• കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞാണ് കേരളത്തിൻെറ ഭൂഘടന. | |

| | | |
|---|---|---|
| | • ഇടുക്കി വയനാട് ജില്ലകളിൽ പെയ്ത മഴ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും ഇടയാക്കി.<br>• ആകെ 381 ഇടത്ത് ഉരുൾപൊട്ടൽ ഉണ്ടായി.<br>**(c)<u>കാർഷിക മേഖല</u>**<br>• 10.80 ലക്ഷം കർഷകരെ പ്രത്യക്ഷമായി ബാധിച്ചു.<br>• 2,36,650 ഹെക്ടർ പ്രദേശത്തെ കൃഷി നശിച്ചു.<br>• 51194 ഹെക്ടർ കൃഷിഭൂമിയിൽ മാലിന്യങ്ങളും പ്രളയത്തിൽ ഒഴുകിവന്ന വസ്തുക്കളും അടിഞ്ഞുകൂടി.<br>**(d)<u>വളർത്തുമൃഗങ്ങൾ</u>**<br>• പശു,ആട്,എരുമ,പോത്ത് ,കന്നുകുട്ടി,നായ,കോഴി തുടങ്ങി എല്ലാത്തരം വളർത്തു മൃഗങ്ങളും മറ്റനേകം ജീവജാലങ്ങളും ചത്തൊടുങ്ങി.<br>**(e)<u>ജീവഹാനി</u>**<br>• 2018 മെയ് 29 മുതൽ 2019 ജനവരി 30 വരെ 513 പേർക്ക് ജീവഹാനി സംഭവിച്ചു.<br>• അതിൽ 28 പേർ മുങ്ങിമരണം വഴിയും 152 പേർ മണ്ണിടിച്ചിൽ ഉരുൾപൊട്ടലിൽപ്പെട്ടും 153 പേർ മറ്റു വിധേനയും. | **5** |
| **17** | **'നീതി ആയോഗി'ന്റെ ലക്ഷ്യങ്ങൾ**<br>• വ്യവസായ-സേവനമേഖലകളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കുക.<br>• കാർഷികമേഖലയെ മിശ്രകാർഷിക ഉല്പാദനത്തിലൂടെ പുരോഗതിയിലേക്കെത്തിക്കുക.<br>• പ്രബല മധ്യവർഗത്തെ സുസ്ഥിര സാമ്പത്തികവളർച്ച നേടാൻ പ്രയോജനപ്പെടുത്തുക.<br>• പ്രവാസി ഇന്ത്യക്കാരുടെ സേവനം സാമ്പത്തിക-സാങ്കേതികവളർച്ചയ്ക്ക് ഉപയുക്തമാക്കുക.<br>• ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നഗരങ്ങളെ സുരക്ഷിത ആവാസകേന്ദ്രങ്ങളാക്കി മാറ്റുക.<br>• ആഗോളമാറ്റങ്ങളുടെയും വിപണിശക്തികളുടെയും ഇടപെടലുകൾ നേരിടാൻ രാജ്യത്തെ പ്രാപ്തമാക്കുക. | **5** |
| **18** | **ട്രോപോസ്ഫിയർ** :<br>• ഭൂമിയോട് ചേർന്ന് സ്ഥിതിചെയ്യുന്നു.<br>• ഉയരം 13 കി.മി വരെ .<br>• മധ്യരേഖാ പ്രദേശത്ത് വായു ചൂടുപിടിച്ച് ഉയരങ്ങളിലേക്ക് വ്യാപിക്കുന്നതിനാൽ | |

| | | |
|---|---|---|
| | ഇവിടെ കൂടുതൽ ഉയരമുണ്ട് (ഏകദേശം 18 കി.മി. വരെ )<br>• ട്രോപോസ്ഫിയറിൽ ഓരോ 165 മീറ്റർ ഉയരത്തിനും ഒരു ഡിഗ്രി സെൽഷ്യസ് എന്ന് തോതിൽ താപം കുറഞ്ഞുവരുന്നു<br>• മേഘരൂപീകരണം, മഴ, മഞ്ഞ്, കാറ്റ്, ഇടിമിന്നൽ, തുടങ്ങിയവ സംഭവിക്കുന്നു.<br>• സംക്രമണമേഘല<br>-ട്രോപ്പോപാസ് | **5** |


***Colin Jose E (HST-SS)***
***Dr.AMMR Govt HSS for Girls, Kattela***
***Thiruvananthapuram***

***Biju.M (HST-SS)***
***GHSS Parappa***
***Kasargod***